പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1277 — 31.10.2019 ൽ മറുപടിക്ക്

## റയിൽവേ വികസന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വർഷങ്ങൾക്ക് മുമ്പ് അനുമതി ലഭിച്ച അങ്കമാലി - ശബരി റയിൽ പാത, തിരുനാവായ - ഗുരുവായൂർ പാത, എറണാകുളം - കുമ്പള രണ്ടാം പാത, കുമ്പള - തുറവൂർ രണ്ടാം പാത, തുറവൂർ - അമ്പലപ്പുഴ രണ്ടാം പാത എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതികൾ മരവിപ്പിക്കുവാൻ റയിൽവേ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(സി) ശബരി പാതയുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന കാര്യത്തിൽ നിന്നും സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(ഡി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന റയിൽവേ വികസന പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും | **അങ്കമാലി - ശബരി റയിൽ പാത**<br><br>അങ്കമാലി - ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചിലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചിലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.<br><br>പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആകെ 131.6348 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.<br><br>കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ |

കടന്നുപോകുന്നു. ഇതിൽ രാമപുരം - എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു.

അങ്കമാലി - ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാന വഹിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**തിരുനാവായ - ഗുരുവായൂർ പാത**

1995-96 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30.8 കിമീ ദൈർഘ്യമുള്ള ഗുരുവായൂർ - തിരുനാവായ പാതയുടെ 17.4 കിമീ തൃശ്ശൂർ ജില്ലയിലും 21.8 കിമീ മലപ്പുറം ജില്ലയിലുടെയും കടന്നു പോകുന്നു. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കിമീ ദൂരം ലോക്കേഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഏറ്റെടുക്കേണ്ട 18.6108 ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിച്ചിട്ടില്ല. സർവ്വേ നടപടികൾക്കാവശ്യമായ പൊലീസ് സംരക്ഷണം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽ നിന്നും ശക്തമായ എതിർപ്പ് ഉയരുന്നുണ്ട്.

**എറണാകുളം - കുമ്പള രണ്ടാം പാത, കുമ്പള - തുറവൂർ രണ്ടാം പാത, തുറവൂർ - അമ്പലപ്പുഴ രണ്ടാം പാത**

എറണാകുളം - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കുന്നതാണെന്ന് പദ്ധതി പ്രഖ്യാപന വേളയിൽ അറിയിച്ചിരുന്നു. എന്നാൽ ഉയർന്ന ഭൂമി വില കാരണം പദ്ധതി ചിലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് റെയിൽവേ ആവശ്യപ്പെടുന്നത്. എന്നാൽ 2010 മുതൽ 2015 വരെയുള്ള വിവിധ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖാപിച്ചിട്ടുള്ളത് പോലെ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭിർത്ഥിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ മരവിപ്പിക്കുവാൻ റയിൽവേ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ